ബ്ലോക്കിലും കൃഷി വകുപ്പ് നേരിട്ടുനടത്തുന്ന വിപണന കേന്ദ്രങ്ങൾ വഴിയും സംഭരിക്കുന്നു. സംഘങ്ങളിൽനിന്ന് വിപണന കേന്ദ്രത്തിൽ പച്ചക്കറികൾ എത്തിക്കുന്നതിനായി പെട്ടി ഓട്ടോകൾ നൽകിയിട്ടുണ്ട്. പഞ്ചായത്തുതല ത്തിൽ മാവേലിസ്റ്റോറിനോടനുബന്ധിച്ച് പച്ചക്കറി വിൽപ്പന നടത്താനായി ഉന്തുവണ്ടികളും നൽകിയിട്ടുണ്ട്. സംസ്ഥാനത്താദ്യമായി ശീതീകരിച്ച നാലു സംഭരണശാലകളും ആരംഭിക്കുന്നതാണ്. രണ്ടെണ്ണം പ്രവർത്തനം ആരംഭിച്ചു.

(സി) സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും ഓരോ സംഭരണ വിപ ണനകേന്ദ്രം വീതം പ്രവർത്തിക്കുന്നു. ഇതുകൂടാതെ ഓരോ നിയോജകമ ണ്ഡലത്തിലും രണ്ടു പഞ്ചായത്തുകളിൽവീതം മാവേലി സ്റ്റോറുകളോടനുബ ന്ധിച്ച് പച്ചക്കറി വിൽപ്പനയ്ക്കായി ഉന്തുവണ്ടികളും നൽകിയിട്ടുണ്ട്. ഇത്തരം 280 ഉന്തുവണ്ടികൾ നൽകിയിട്ടുണ്ട്.

(സി)&(ഇ) പച്ചക്കറികളുടെ വിപണനം പ്രധാനമായും ഹോർട്ടി കോർപ്പാണ് നിർവ്വഹിക്കുന്നത്. ഹോർട്ടികോർപ്പ് 600 വിൽപ്പന കേന്ദ്രങ്ങൾ നടത്തുന്നുണ്ട്.

കൃഷിവകുപ്പിലെ അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

(371) ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകു പ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കൃഷി വകുപ്പിൽ അഗ്രികൾച്ചർ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ അഗ്രി. അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ നിലവി ലുണ്ട്;

(സി) ജില്ലാടിസ്ഥാനത്തിലുള്ള ഒഴിവുകളിൽ ഇനി എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ട്; ഒഴിവുകൾ എപ്പോൾ റിപ്പോർട്ട് ചെയ്യുവാൻ കഴിയും;

(ഡി) സംസ്ഥാനത്ത് കൃഷി അസിസ്റ്റന്റ് ഇല്ലാത്ത എത്ര കൃഷി ഭവനു കൾ നിലവിലുണ്ട്; ഇത്തരം കൃഷിഭവനുകളിൽ അടിയന്തിരമായി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31.12.99 വരെ അഗ്രികൾച്ചർ അസിസ്റ്റന്റുമാരുടെ 690 ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 31.12.99 വരെ 690 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. 1.1.2000 മുതലുള്ള ഒഴിവുകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ സംസ്ഥാനാടിസ്ഥാനത്തിലാണ് റിപ്പോർട്ട് ചെയ്യുന്നത്. 31.12.99 വരെയുള്ള ഒഴി വുകൾ റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. 1.1.2000 മുതലുള്ള ഒഴിവുകൾ 30.6.2000 ത്തോടെ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(ഡി) ഒഴിവുകൾ താൽക്കാലികാടിസ്ഥാനത്തിൽ നികത്തുന്നതിനാൽ കൃഷി അസിസ്റ്റന്റ് ഇല്ലാത്ത കൃഷി ഭവനുകൾ സംസ്ഥാനത്ത് ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly